"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല - ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീമതി. സിനി. പി.എൻ.നെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജെയ്സൺ മാത്യുവിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.275/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/02/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 28.09.2015-ലെ ഇ13 (എസ് സി 11/2015/കെഎൻആർ)14986/2015നമ്പർ കത്ത്

2 സർക്കാരിന്റെ 13.12.2017-ലെ 222/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീമതി. സിനി പി.എൻ. സമർപ്പിച്ച 22.03.2018-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 26.07.2018-ലെ ഡി9-912/2018നമ്പർ കത്ത്

## ഉത്തരവ്

ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മണക്കടവ് പി.ഡബ്ല്യൂ.ഡി. റോഡ് കൈയ്യേറി അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിൽ കെട്ടിട ഉടമസ്ഥർ മുൻവശത്തുള്ള തുറസായ സ്ഥലത്ത് ഒരു സ്റ്റോർ റൂം അനധികൃതമായി നിർമ്മിച്ചുവെന്നും, പൊതുമരാമത്ത് റോഡിന്റെ ഭാഗത്തേയ്ക്ക് 9 0 സെ.മീ. കടന്ന് മേൽക്കൂര നിർമ്മിച്ചുവെന്നും, അനധികൃതമായി നിർമ്മിച്ച മുറിയ്ക്ക് പഞ്ചായത്ത് അധികൃതർ നമ്പർ അനുവദിച്ചിട്ടുണ്ടെന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിടത്തിന് നമ്പർ അനുവദിച്ചുവെന്നും കണ്ടെത്തുകയുണ്ടായി. വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദിയായ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീമതി. സിനി. പി.എൻ.ന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. സിനി. പി.എൻ. പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ സാങ്കേതിക പരിജ്ഞാനമില്ലാത്തതിനാൽ ഓവർസീയറുടെ സഹായത്തോടെയാണ് കെട്ടിട നമ്പർ അനുവദിച്ചതെന്നും നമ്പറിംഗിന് ശേഷമുള്ള അനധികൃത നിർമ്മാണം നിലവിൽ ഇല്ലായെന്നും കെട്ടിട നമ്പർ അനുവദിച്ചതിൽ യാതൊരുവിധ നിയമലംഘനവും നടത്തിയിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി. സിനി പി.എൻ. സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സിനി. പി.എൻ.ന് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചതിനാൽ ശ്രീമതി. സിനി പി.എൻ.നെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ശ്രീമതി. സിനിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ടി കേസിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജെയ്സൺ മാത്യുവിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആരോപണ വിധേയനായ ഉദ്യോഗസ്ഥന് നൽകി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 1 5 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ജെയ്സൺ മാത്യു, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കണ്ണൂർ

   (അന്വേഷണ റിപ്പോർട്ട്, കുറ്റപത്രം, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീമതി. സിനി പി.എൻ, മുൻ സെക്ഷൻ ക്ലാർക്ക്, ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/222/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ